**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3591** **08-10-2025 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ജീവനക്കാരുടെ ചുമതലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് (വി. എഫ്. എ.) തസ്തികയിലെ ജീവനക്കാരുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ലാൻഡ് റവന്യൂ മാന്വൽ വാല്യം VI ലെ 2-ാം അദ്ധ്യായത്തിലെ ഖണ്ഡിക 18 പ്രകാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാർ നിർവ്വഹിക്കേണ്ട കടമകൾ ചുവടെ ചേർക്കുന്നു.<br>1. വില്ലേജിൽ പിരിയുന്ന തുകകൾ സർക്കാർ ഖജനാവിൽ ഒടുക്കുന്നതിന് വില്ലേജ് ഓഫീസറെ സഹായിക്കുക.<br>2. നികുതിദായകരുടെയോ കുടിശ്ശികക്കാരുടെയോ പേരിലുള്ള ഡിമാന്റ് നോട്ടീസുകളും മറ്റെല്ലാവിധ നോട്ടീസുകളും യഥാവിധി നടത്തുക.<br>3. നികുതിദായകരിൽ നിന്നും നികുതിയിനത്തിലുള്ള തുകകൾ ഓൺലൈനായോ അല്ലാതെയോ സ്വീകരിച്ച് രസീത് നൽകുകയും വിവരം ബന്ധപ്പെട്ട അക്കൗണ്ടിലോ ലഡ്ജറിലോ ചേർക്കുകയും ചെയ്യുക.<br>4. വില്ലേജ് ഓഫീസർ ചുമതലപ്പെടുത്തുന്ന ഫീൽഡ് ജോലികൾ ഉൾപ്പെടെയുള്ള മറ്റെല്ലാ ഔദ്യോഗിക ജോലികളും നിർവഹിക്കുക. |
| (ബി) | പ്രസ്തുത ജീവനക്കാർക്ക് കൂടുതൽ ചുമതലകൾ നൽകുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കാലാകാലങ്ങളിൽ റവന്യൂ വകുപ്പിലെ സേവനത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ duties and responsibilities പുനർനിർവചിക്കുന്നതിനായി ഫീൽഡ് ഓഫീസ് തലം മുതൽ കമ്മീഷണർ ഓഫീസ് തലം വരെയുള്ള വിവിധ കേഡറുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു വർക്ക്ഷോപ്പ് നടത്തി കരട് സമർപ്പിക്കുവാൻ 10.07.2024 ലെ G.O(Rt)No.1627/2024/RD പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിനെ (ILDM) ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് 30.09.2024 ന ശില്പശാല നടത്തുകയും, വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ ഉൾപ്പെടെ Duties and Responsibilities പുനർനിർവചിക്കുന്നതിനായി റിപ്പോർട്ട് തയ്യാറാക്കി ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിക്കുകയുമുണ്ടായി. കമ്മീഷണർ ലഭ്യമാക്കിയ പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | സർക്കാരിന് അധികസാമ്പത്തിക ബാധ്യതയില്ലാതെ പ്രസ്തുത തസ്തിക അപ്ഗ്രേഡ് ചെയ്യുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | വി.എഫ്.എ. തസ്തിക ക്ലറിക്കൽ തസ്തികയായി അപ്ഗ്രേഡ് ചെയ്യുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ